ഉപഭോക്തൃ കമ്മീഷൻ, ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

206 (4838) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ നൽകുമോ; ലഭിക്കുന്ന തുക കമ്മീഷനുകൾക്കും ഫോറങ്ങൾക്കും നേരിട്ടാണോ ലഭിക്കുന്നത്; സിവിൽ സപ്ലൈസ് വകുപ്പു മുഖാന്തിരമാണോ ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന കമ്മീഷൻ, ജില്ലാ ഫോറം എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിട്ടാണോ, സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണോ നൽകുന്നത്; വ്യക്തമാക്കുമോ;

(ഇ) നേരിട്ടാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ; സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം കമ്മീഷന്റെയും ജില്ലാ ഫോറങ്ങളുടെയും പ്രവർത്തനങ്ങൾക്ക് എത്ര വീതം വകുപ്പ് നൽകിയിട്ടുണ്ട്;

(എഫ്) ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷം ചെലവഴിച്ച തുകയും ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നൽകുമോ; പണം ചെലവഴിച്ചത് കമ്മീഷനാണോ, വകുപ്പാണോ; വ്യക്തമാക്കുമോ;

(ജി) ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങൾക്ക് വേദിയായി തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളും അവയ്ക്ക് ചെലവായ തുകയും വ്യക്തമാക്കുമോ ; സാധാരണക്കാർക്ക് അപ്രാപ്യമായ ഇത്തരം വേദികൾ തെരഞ്ഞെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

991/2018

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഫോറങ്ങളുടെയും പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സംസ്ഥാന സർക്കാർ മുഖാന്തിരമാണ് ലഭ്യമാക്കുന്നത്. കെട്ടിട നിർമ്മാണ/നിർമ്മാണേതര പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്നുണ്ട്.

(ബി) ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം ഒന്നും നൽകുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് നൽകുന്നത്

(ഇ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഉപഭോക്തൃ ഫോറങ്ങളുടെയും പ്രവർത്തനങ്ങൾക്കായി സിവിൽ സപ്ലൈസ് വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	അനുവദിച്ച തുക (കോടിയിൽ)
2011-12	6.5156
2012-13	6.6034
2013-14	7.0318

(എഫ്) 2011-2012

ഉപഭോക്തൃബോധവൽക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ, ബാനറുകൾ പ്രദർശിപ്പിക്കുന്നത്, തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുന്നത്, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 27,25,108 രൂപ കേന്ദ്ര സർക്കാർ അനുവദിച്ച 28 ലക്ഷം രൂപയിൽ നിന്നും ചെലവഴിച്ചു. റേഷൻ സാധനങ്ങളുടെ വിഹിതം സംബന്ധിച്ച പരസ്യ ചിത്രത്തിന്റെ നിർമ്മാണത്തിലും സംപ്രേക്ഷണത്തിനുമായി കേന്ദ്ര സർക്കാർ സഹായമായി ലഭിച്ച 20 ലക്ഷം രൂപ ഉൾപ്പെടെ 29,30,340 രൂപ ദൂരദർശന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2012-2013

ഉപഭോക്തൃ ബോധവൽക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ, ഉപഭോക്തൃ ദിനാചരണം, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 20,45,306 രൂപ കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായി കൈപുസ്തകങ്ങൾ, നോട്ടീസുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നിതിനും ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും ടെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ആകെ 27,82,102 രൂപ ചെലവഴിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായി പരസ്യചിത്രങ്ങൾ നിർമ്മിച്ച് വിവിധ ദൃശ്യമാധ്യമങ്ങൾ മുഖേന സംപ്രേഷണം ചെയ്യുന്നതിന് 13,97,391 രൂപയും ബുക്ക് ലെറ്റ്, ബ്രോഷർ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 4,29,318 രൂപയും കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു.

2013-2014

2013 ഡിസംബർ 24-ാം തീയതിയിലെ ഉപഭോക്തൃ ദിനാചരണ പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനായി ആകെ 7,73,500 രൂപ ചെലവഴിച്ചു. എല്ലാ ജില്ലകളിലും വകുപ്പിന്റെയും സപ്ലൈകോയുടെയും ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്. ഈ തുക സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയാണ് ചെലവഴിച്ചിട്ടുള്ളത്.

(ജി) 2011-12 വർഷം ഉപഭോക്തൃ ബോധവൽക്കരണത്തിനായി കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 3000 രൂപ ചെലവായിട്ടുണ്ട്. 2012-13 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 4180 രൂപയും എറണാകുളം ജില്ലയിലെ ന്യൂ ഭാരത് ടൂറിസ്റ്റ് ഹോം വേദിയായി തെരഞ്ഞെടുത്തതിൽ 45,752 രൂപയും ചെലവായിട്ടുണ്ട്. 2013-14 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 31,211 രൂപ ചെലവായിട്ടുണ്ട്. പൊതു വേദികൾ ലഭ്യമാകാത്ത അപൂർവ്വം അവസരങ്ങളിൽ മാത്രമേ ഹോട്ടലുകൾ വേദിയായി തെരഞ്ഞെടുക്കാറുള്ളൂ. ഇത്തരം വേദികളിൽവെച്ച് പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താറില്ല.